**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2588    13.03.2020-ൽ മറുപടിയ്ക്ക്**

**കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.വി. അൻവർ**<br>**,, ബി.ഡി. ദേവസ്സി**<br>**,, സി.കെ. ഹരീന്ദ്രൻ**<br>**,, കാരാട്ട് റസാഖ്** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് പൊതുമരാമത്ത് ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ കാലത്തിനനുസരിച്ചുള്ള നിർമ്മാണരീതികൾ അവലംബിക്കുന്നതിനും നൂതന സാങ്കേതിക വിദ്യ ഉപയോഗ പ്പെടുത്തുന്നതിനും ഗുണനിലവാരം ഉറപ്പ വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ;<br><br>(ബി) ഈ രംഗത്ത് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (എ) & (ബി) പൊതുമരാമത്ത് ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ കാലത്തിനനുസരിച്ചുള്ള നിർമ്മാണ രീതികൾ അവലംബിക്കുന്നതിനും നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതിനും ദേശീയ അന്തർദേശീയ തലത്തിലുള്ള സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലന പരിപാടികൾ പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിഭാഗത്തിലെ ഉദ്യോഗസ്ഥർക്കായി നടത്തി വരുന്നു.<br><br>പൊതുമരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് അതതു വിഭാഗങ്ങളിൽ നിന്നും സമർപ്പിക്കുന്ന നിർമ്മാണ സാമഗ്രികളുടെ ഒന്നാംഘട്ട ഗുണനിലവാര പരിശോധനയാണ് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തി വരുന്നത്. ഈ ഗുണനിലവാര പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനായി കെ.എച്ച്.ആർ.ഐ. യുടെ മൂന്ന് ലാബുകൾ (ഫ്ലെക്സിബിൾ പേവ്മെന്റ് ലാബ്, കോൺക്രീറ്റ് ആന്റ് സ്ട്രക്ചേർസ് ലാബ്, സോയിൽ മെക്കാനിക്സ് ആന്റ് ഫൗണ്ടേഷൻ ലാബ്), എൻ.എ.ബി.എൽ നിലവാരത്തിലേയ്ക്ക് ഉയർത്തുവാനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |

**(സി)** ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പൊതുമരാമത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാർക്കായി അന്തർ ദേശീയ നിലവാരത്തിലുള്ള എന്തെല്ലാം പരിശീലന പരിപാടികളാണ് നൽകിവരുന്നത് എന്ന് വെളിപ്പെടുത്താമോ;

**(സി)** പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിലെ ജീവനക്കാർക്കായി "sustainable pavement technologies, cold mix recycling, full - depth reclamation, hot – mix recycling sustainable concrete pavements, white topping, roller compacted concrete' തുടങ്ങിയ അന്തർദേശീയ നിലവാരത്തിലുള്ള പരിശീലന പരിപാടികൾ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയിട്ടുണ്ട്. Michigan State University, Worcester Polytechnic Institute, USA എന്നിവിടങ്ങളിൽ നിന്നുള്ള പ്രഗല്ഭരാണ് പരിശീലനങ്ങൾ നടത്തിയത്.

**(ഡി)** ഗുണനിലവാര പരിശോധന കാര്യക്ഷമമാക്കുന്നതിനായി കെ.എച്ച്.ആർ.ഐ.യുടെ കീഴിലുള്ള ലാബുകളെ എൻ.എ.ബി.എൽ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**(ഡി)** കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിലുള്ള ലാബുകളെ NABL (National Accreditation Board for Testing and calibration Laboratories) നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി കെ.എച്ച്.ആർ.ഐ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ പ്രാരംഭഘട്ട പരിശീലനങ്ങൾ പൂർത്തിയായി. ലാബുകൾക്ക് NABL അക്രിഡിറ്റേഷൻ - ലഭിക്കുന്നതിന് കൺസൾട്ടന്റിനെ നിയമിക്കുന്നതിനായുള്ള നടപടികൾ പൂർത്തിയായി വരുന്നു.

സെക്ഷൻ ഓഫീസർ